യു.പി

കൂട

സർഗാത്മക രചന



പ്രവർത്തനം 5

# ഞങ്ങൾക്കും പറയാനുണ്ട്



മൃഗങ്ങളെക്കുറിച്ചും പക്ഷികളെ കുറിച്ചും എല്ലാം ധാരാളം കഥകളുണ്ട്. കുറുക്കനും മുയലും സിംഹവും കാക്കയും മയിലും കുയിലുമെല്ലാം കഥാപാത്രങ്ങളായിവരുന്നഒരുപാട്കഥകൾ നിങ്ങൾ കേട്ടിട്ടുണ്ടാവും. *മുന്തിരിക്കുലക്ക് വേണ്ടിചാടികിട്ടാതായപ്പോൾ 'അത്പുളിക്കും' എന്ന് പറഞ്ഞ കുറുക്കന്റെ കഥ, സിംഹത്തെ പറ്റിച്ച് കിണറ്റിൽ ചാടിച്ച ബുദ്ധിമാനായ മുയലിന്റെ കഥ* – അങ്ങനെ പലതും. കാക്കയുടെ ശബ്ദത്തിന്റെ മാധുര്യത്തെ വാഴ്ത്തി ചുണ്ടിലിരിക്കുന്ന അപ്പം തട്ടിയെടുത്ത കുറുക്കൻ, കല്ലുകൾ പെറുക്കിയിട്ട് ഭരണിക്കടിയിലെ കുറച്ച്

ഈ പ്രവർത്തനത്തിന്റെ വിശദീകരണ വീഡിയോ കാണാം



അറിയാം നിറയാം ഉയരാം

യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം
www.edu.kssp.in




## യു.പി

# കൂട

### സർഗാത്മക രചന



## പ്രവർത്തനം 5





വെള്ളം ഉയർത്തി കുടിച്ച് ദാഹം തീർത്ത കാക്ക ഇങ്ങനെ കാക്കയെ പറ്റിയും എത്രയെത്ര കഥകൾ. ഈ കഥകളെല്ലാം നിങ്ങൾ കേട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ വീട്ടിൽ ആരോടെങ്കിലും ചോദിച്ച് നോക്കൂ. ഈ കഥകൾ കേൾക്കുന്ന പക്ഷികൾക്കും മൃഗങ്ങൾക്കും എന്തെങ്കിലും ചിലത് പറയാനുണ്ടാവില്ലെ? മുകളിൽ പറഞ്ഞ കഥകളിലെ ഏതെങ്കിലും ഒരു കഥാപാത്രത്തിന്റെ മനസ്സ് ഒന്ന് പകർത്തിയാലോ? **കത്ത്, കഥ, കവിത, നിവേദനം, പ്രഭാഷണം തുടങ്ങി അനുയോജ്യമായ വ്യവഹാര രൂപം ഏതുമാവാം**

